പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1900 17/12/2012 - ൽ മറുപടിക്ക്

## മാതൃകാ മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയ്ക്കായി 9 ജില്ലകൾക്കായി ആകെ 63.25 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പ് ഏതുഘട്ടംവരെ പൂർത്തിയായി എന്ന് വിശദമാക്കാമോ ; | (ബി) | കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ ആദ്യഗഡു വിതരണം ചെയ്തു കഴിഞ്ഞു. നിർദ്ദിഷ്ട പണികൾ പൂർത്തിയാക്കിയവർക്ക് ജില്ലകളിൽ രണ്ടാം ഗഡുവും വിതരണം ചെയ്തു കഴിഞ്ഞു. മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ ഡിസംബർ മാസം തന്നെ ആദ്യഗഡുവും വിതരണം ചെയ്യുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി പ്രദേശങ്ങൾ തെരഞ്ഞെടുത്തപ്പോൾ അവിടങ്ങളിൽ പാർക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം മാനദണ്ഡമാക്കിയോ എന്ന കാര്യം വ്യക്തമാക്കാമോ; | (സി) | വിവിധ മാനദണ്ഡങ്ങൾ കണക്കിലെടുത്താ മത്സ്യഗ്രാമങ്ങളെ തിരഞ്ഞെടുത്തത്. |

| | | | |
|---|---|---|---|
| (ഡി) | പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചാൽ, വൈക്കത്തെ ക്കൂടി 'മാതൃകാമത്സ്യഗ്രാമം പദ്ധതി'യിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ? | (ഡി) | സാധ്യത പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ചു മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ